**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **27-01-2026 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർധിച്ച് വരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ നടത്തിയ വിപണി ഇടപെടലുകൾ എന്തെല്ലാം; അവ ഫലപ്രദമായിരുന്നുവെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുവിപണിയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും ആയതു വഴി അനുദിനം വർദ്ധിച്ച വരുന്ന വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ രൂപീകരിച്ച Center for Price Research Kerala ആഴ്ചതോറും വിലകൾ അവലോകനം ചെയ്തു റിപ്പോർട്ട് തയ്യാറാക്കുന്നു. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി Price Monitoring Cell പ്രവർത്തിച്ച് വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ സഹായത്തോടെ ശേഖരിച്ച് PMSആപ്പിൽ Upload ചെയ്തു വരുന്നു.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് ജില്ലാ കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു.<br><br>പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/ താലൂക്ക് തല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ /സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, |

ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള താലൂക്ക് സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സപ്ലൈകോയുടെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 അവശ്യ ഭക്ഷ്യ വസ്തുക്കൾ സബ്സിഡി നിരക്കിലും (20 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ) മറ്റുള്ളവ പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറച്ചും പൊതു ജനങ്ങൾക്ക് ആവശ്യത്തിന് ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, വിവിധ മസാലപ്പൊടികൾ, ഉപ്പ്, വെളിച്ചെണ്ണ, പുട്ടുപൊടി, അപ്പം പൊടി മുതലായ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ ഓണക്കാലത്ത് അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി, FCI യുമായി സഹകരിച്ച് സപ്ലൈകോ വിൽപ്പനശാലകൾ വഴി നിലവാരമുള്ള അരി ആവശ്യാനുസൃതം ലഭ്യമാക്കി. FCI ൽ നിന്ന് വാങ്ങിയ OMSS സ്കീമിലുള്ള അരി, സപ്ലൈകോ വിൽപ്പനശാലകൾ വഴി കിലോഗ്രാമിന് 25/- രൂപ നിരക്കിൽ 20 കിലോഗ്രാം അരി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത് തുടർന്ന് വരുന്നു.

ഓണക്കാലത്ത് പൊതുവിപണിയിൽ വെളിച്ചെണ്ണ വില 500 രൂപയിലധികമായപ്പോൾ സർക്കാർ ഇടപെടുകയും സപ്ലൈകോ വിൽപ്പനശാലകൾ വഴി വളരെ കുറഞ്ഞ നിരക്കിൽ വെളിച്ചെണ്ണ നൽകയും ചെയ്തു. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സബ്സിഡി ശബരി വെളിച്ചെണ്ണ റേഷൻകാർഡിന് പ്രതിമാസം 2 ലിറ്റർ വീതം ലഭ്യമാകുന്ന തരത്തിൽ മുൻകൂറായി വാങ്ങുന്നതിന് അനുമതി നൽകി. ഇതേ തുടർന്ന് വെളിച്ചെണ്ണ വില പൊതുവിപണിയിലും കുറയുവാൻ തുടങ്ങി. നിലവിൽ സബ്സിഡി നിരക്കിലുള്ള വെളിച്ചെണ്ണ 309/- രൂപയ്ക്കും

| | | | |
|---|---|---|---|
| | | | സബ്സിഡിയിതര നിരക്കിൽ 329/- രൂപയ്ക്കും ആണ് സപ്ലൈകോ വിൽപ്പന നടത്തുന്നത്. സെപ്തംബർ, ഒക്ടോബർ, നവംബർ മാസ കാലയളവിൽ സബ്സിഡി നിരക്കിൽ മാത്രം ഏകദേശം 28,29,867 ലിറ്റർ വെളിച്ചെണ്ണ വിൽപ്പന നടത്തിയിട്ടുണ്ട്. ക്രിസ്തുമസ് - പുതുവത്സര ചന്തകളിലും സപ്ലൈകോ വില്പന ശാലകളിലും സബ്സിഡി ശബരി വെളിച്ചെണ്ണയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കാലേകൂട്ടി സപ്ലൈകോ 2025 നവംബർ മാസം പർചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്.<br><br>നഗര–ഗ്രാമ ഭേദമില്ലാതെ വ്യാപിച്ചുകിടക്കുന്ന 1627 സപ്ലൈകോ വിൽപ്പനശാലകളുടെ ശൃംഖലയിലൂടെ, വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം കുറഞ്ഞ വിലയിൽ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളും സപ്ലൈകോ മെഡിക്കൽ ഷോപ്പുകളിലൂടെ നൽകിവരുന്നു. കൂടാതെ പ്രമുഖ സപ്ലൈകോ വിൽപനശാലകളോട് അനുബന്ധിച്ച് ഹോർട്ടികോർപ്പ്, VFPCK തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചും ഫ്രാഞ്ചൈസി അടിസ്ഥാനത്തിലും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ പച്ചക്കറി വിൽപ്പനയും നടത്തുന്നുണ്ട്.<br><br>സപ്ലൈകോയുടെ വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി 2025 ക്രിസ്തുമസ്-2026 പുതുവത്സര വേളയിൽ സപ്ലൈകോ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 22-12-2025 മുതൽ 01-01-2026 വരെ പ്രത്യേകമായി ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലാ ഫെയറുകളിലും പച്ചക്കറി സ്റ്റാളുകളും സജ്ജീകരിച്ചിരുന്നു. നീണ്ട ക്യൂ ഒഴിവാക്കുന്നതിനായി വേണ്ടത്ര ബില്ലിംഗ് കൗണ്ടറുകളും PoS മെഷീനുകളും ഒരുക്കിയിരുന്നു. 78.92 കോടി രൂപയുടെ സബ്സിഡി സാധനങ്ങളാണ് വിതരണത്തിനായി ലഭ്യമാക്കിയിരുന്നത്.<br><br>സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, പോലീസ്, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് കടകൾ പരിശോധിക്കുകയും പരിശോധന വേളയിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പൊതുവിതരണ വകുപ്പിന്റെ വിപണി പരിശോധനകൾ, വിലനിലവാര നിരീക്ഷണം, സപ്ലൈകൊ മുഖേനയുള്ള വിപണി ഇടപെടൽ എന്നിവ മൂലം വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ |

| | | | |
|---|---|---|---|
| | | | വിപണിയിലെ വിലനിലവാരം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സപ്ലൈകോ വിൽപ്പനശാലകളിൽ സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലും വിൽപ്പന നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ ഇ-ടെണ്ടർ/ഇ-ലേലം വഴി വാങ്ങുകയും സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. |
| (സി) | റേഷൻ കാർഡ് മുൻഗണനാ പട്ടിക പുതുക്കുന്നതിന്റെയും മസ്റ്ററിംഗിന്റെയും നിലവിലെ പുരോഗതി വിശദമാക്കുമോ; | (സി) | NFSA സ്റ്റേറ്റ് റൂൾ 2018 ലെ ഖണ്ഡിക 6 പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 പ്രകാരം അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയാണ്. വകുപ്പിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അനർഹരുടെ കൈകളിൽ നിന്നും മുൻഗണനാ കാർഡുകൾ പിടിച്ചെടുക്കുകയും അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 24365 മുൻഗണനാ വിഭാഗം കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. മുൻഗണനാ പരിവർത്തനത്തിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതുവഴി സുതാര്യത ഉറപ്പ് വരുത്തുന്നതിനും പരാതി മുക്തമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 7,16,077 മുൻഗണനാ കാർഡുകളും 65,449 എ. എ. വൈ കാർഡുകളും അനുവദിച്ച നൽകിയിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 27-01-2026 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ് . മുൻഗണനാ വിഭാഗം കാർഡുകളുടെ eKYC മസ്റ്ററിങ് 98.7% പൂർത്തിയായിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 1** ആയും പട്ടികയിൽ നിന്ന് ഒഴിവാക്കിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 2** ആയും ചേർത്തിരിക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അനർഹരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും എത്ര കുടുംബങ്ങളെ പുതുതായി | (ഡി) | NFSA സ്റ്റേറ്റ് റൂൾ 2018 ലെ ഖണ്ഡിക 6 പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 പ്രകാരം അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പട്ടികയിൽ ഉൾപ്പെടുത്തിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | | അതിൻ പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയാണ്. വകുപ്പിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അനർഹരുടെ കൈകളിൽ നിന്നും മുൻഗണനാ കാർഡുകൾ പിടിച്ചെടുക്കുകയും അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 24365 മുൻഗണനാ വിഭാഗം കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. മുൻഗണനാ പരിവർത്തനത്തിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതുവഴി സുതാര്യത ഉറപ്പ് വരുത്തുന്നതിനും പരാതി മുക്തമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്ലിയതും ഉൾപ്പെടെ 7,16,077 മുൻഗണനാ കാർഡുകളും 65,449 എ. എ. വൈ കാർഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 27-01-2026 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ് . മുൻഗണനാ വിഭാഗം കാർഡുകളുടെ eKYC മസ്റ്ററിങ് 98.7% പൂർത്തിയായിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയും പട്ടികയിൽ നിന്ന് ഒഴിവാക്കിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 74318 |
| 2 | കൊല്ലം | 60734 |
| 3 | പത്തനംതിട്ട | 17014 |
| 4 | ആലപ്പുഴ | 41939 |
| 5 | കോട്ടയം | 24965 |
| 6 | ഇടുക്കി | 15741 |
| 7 | എറണാകുളം | 48443 |
| 8 | തൃശ്ശൂർ | 54167 |
| 9 | പാലക്കാട് | 74887 |
| 10 | മലപ്പുറം | 53468 |
| 11 | കോഴിക്കോട് | 41987 |
| 12 | വയനാട് | 11168 |
| 13 | കണ്ണൂർ | 38892 |
| 14 | കാസറഗോഡ് | 26443 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 25311 |
| 2 | കൊല്ലം | 18055 |
| 3 | പത്തനംതിട്ട | 8786 |
| 4 | ആലപ്പുഴ | 16701 |
| 5 | കോട്ടയം | 10757 |
| 6 | ഇടുക്കി | 10699 |
| 7 | എറണാകുളം | 22192 |
| 8 | തൃശ്ശൂർ | 15967 |
| 9 | പാലക്കാട് | 23717 |
| 10 | മലപ്പുറം | 40106 |
| 11 | കോഴിക്കോട് | 20355 |
| 12 | വയനാട് | 5975 |
| 13 | കണ്ണൂർ | 15645 |
| 14 | കാസറഗോഡ് | 9349 |

**സെക്ഷൻ ഓഫീസർ**